ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/113828/18/എച്ച്.എസ്.ഇ.** **തീയതി. 11/01/2019**

## സർക്കുലർ

**വിഷയം-** ഹ.സെ.വി.- മെറിറ്റ്-കം-മീൻസ് (ബി.പി.എൽ.) സ്കോളർഷിപ്പ് - തെരഞ്ഞെടുപ്പ്, വിതരണം എന്നിവ സംബന്ധിച്ച്.

**സൂചന-** 07/01/2019ന് dhse പോർട്ടലിൽ പ്രസിദ്ധപ്പെടുത്തിയനോട്ടിഫിക്കേഷൻ.

ഹയർ സെക്കൻഡറിയിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്നതിനായി 5000 രൂപ വീതമുള്ള "മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് ഫോർ ബി.പി.എൽ. സ്റ്റുഡൻസ്" എന്ന പേരിൽ 2007-08 മുതൽ സ്കോളർഷിപ്പ് പദ്ധതി നിലവിലുണ്ട്. ഇത് ജനറൽ, എസ്.സി./എസ്.ടി., ആർട്സ്-സ്പോർട്സ്-ഭിന്നശേഷി എന്നീ മൂന്നു വിഭാഗങ്ങളിലായാണ് നൽകി വരുന്നത്. ഈ വർഷത്തെ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച അറിയിപ്പ് 23/10/2018 ന് dhse പോർട്ടലിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതാണ്. ഇതു പ്രകാരം അപേക്ഷകൾ ജില്ലാ പഞ്ചായത്തുകളിലും ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും ലഭ്യമായിട്ടുണ്ട്. **എന്നിരുന്നാലും ഇനിയും അപേക്ഷനൽകാൻ ബാക്കിയുള്ള സ്കൂളുകളിൽ നിന്നും വിജ്ഞാപനത്തിൽ നിർദ്ദേശിച്ച സമയപരിധിക്കകം തന്നെ അപേക്ഷകൾ അതത് ഓഫീസുകളിൽ എത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അർഹതപ്പെട്ട സ്കോളർഷിപ്പ് വിദ്യാർത്ഥികൾക്ക് നഷ്ടമാകുന്നതാണ്.**

ജനറൽ കാറ്റഗറി തെരഞ്ഞെടുപ്പ് സ്കൂൾതല കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത കമ്മിറ്റി സംബന്ധിച്ചും തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ സംബന്ധിച്ചും 07/01/2019 നുള്ള നോട്ടിഫിക്കേഷനിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതാകുന്നു. വിജ്ഞാപനം ബന്ധപ്പെട്ട എല്ലാ ഗവ:/എയ്ഡഡ് സ്കൂൾ പ്രിൻസിപ്പൽമാരും വ്യക്തമായി മനസ്സിലാക്കേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാകുന്നു. ഇനി പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മാത്രമേ സ്കോളർഷിപ്പിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കാവൂ.

- മൂന്നു സ്ട്രീമുകളിലും പഠിക്കുന്ന വിദ്യാർത്ഥികളെയും സ്കോളർഷിപ്പ് പദ്ധതിക്കായി പരിഗണിക്കേണ്ടതാണ്. ബാച്ചടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകാൻ സാധിക്കാത്തപക്ഷം സ്ട്രീം അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയ്യാറാക്കേണ്ടതാണ്.

- ജനറൽ കാറ്റഗറിയിൽ ലഭ്യമായ അപേക്ഷാ ഫോമും അനുബന്ധരേഖകളും അതാത് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. യാതൊരു കാരണവശാലും ആവശ്യപ്പെടാത്തപക്ഷം ആയത് ഈ ഓഫീസിലേക്ക് നൽകരുത്.

- സ്കൂളുകളിലേക്ക് അനുവദിക്കപ്പെട്ട സ്കോളർഷിപ്പിന്റെ പകുതി പ്ലസ്വണ്ണിലേക്കും ബാക്കി പകുതി പ്ലസ്ടു റിന്യൂവലുമാകുന്നു. പ്ലസ്ടു ക്ലാസ്സുകളിൽ നിന്നും അപേക്ഷ സ്വീകരിക്കേണ്ടതില്ല. റിന്യൂവലിനുള്ള മാനദണ്ഡങ്ങൾ വിജ്ഞാപനത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്ലസ്ടു ഗുണഭോക്താക്കളിൽ ആരെങ്കിലും റിന്യൂവലിന് യോഗ്യത നേടാത്തപക്ഷം ആയത് മുൻവർഷത്തെ (2017-18) റാങ്ക്പട്ടികയിൽ തൊട്ടടുത്ത റാങ്ക് നേടിയവർക്ക് നൽകാവുന്നതാണ് (വിജ്ഞാപനം ശ്രദ്ധിക്കുക). ഇത്തരത്തിൽ പ്ലസ്ടുവിൽ സ്കോളർഷിപ്പിന് അർഹത നേടുന്നവർക്ക് ഈ പ്രത്യേക സാഹചര്യത്തിലാണ് സ്കോളർഷിപ്പ് ലഭിക്കുന്നതെന്നും, മുൻവർഷത്തെ സ്കോളർഷിപ്പിനായി അവകാശം ഉന്നയിക്കുന്നതിന് സാധിക്കുന്നതല്ലെന്നും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തേണ്ടതാണ്. മേൽ കാര്യങ്ങൾ തെരഞ്ഞെടുപ്പ് സമിതിയുടെ അംഗീകാരത്തോടെ മിനിറ്റ് ചെയ്ത് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

- എസ് സി/ എസ് ടി , ആർട്സ്/ സ്പോർട്സ്/ ഭിന്നശേഷി വിഭാഗക്കാരുടെ തെരഞ്ഞെടുപ്പ് യഥാക്രമം ജില്ലാ പഞ്ചായത്തുകൾ, ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവിടങ്ങളിലാകയാൽ സ്കൂളിൽ നിന്നുമുള്ള ലിസ്റ്റുകൾ സമയബന്ധിതമായി അതത് ഓഫീസുകളിൽ എത്തിക്കേണ്ടതാണ്. ലിസ്റ്റ് ലഭ്യമാക്കേണ്ട അവസാന തീയതികൾ വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

- മുൻ വർഷം (2017-18) പ്ലസ് വൺ എസ് സി/ എസ് ടി വിഭാഗത്തിൽ സ്കോളർഷിപ്പ് നേടിയവർക്ക് റിന്യൂവലിനായി അതത് ജില്ലാ പഞ്ചായത്തിലേക്കും, ആർട്സ്/ സ്പോർട്സ്/ ഭിന്നശേഷി വിഭാഗത്തിൽ സ്കോളർഷിപ്പ് നേടിയവർക്ക് റിന്യൂവലിനായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിലേക്കും സമയബന്ധിതമായി അറിയിക്കേണ്ടതാണ്. അവസാന തീയതികൾ വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

- ജനറൽ കാറ്റഗറി എന്നുദ്ദേശിക്കുന്നത് സ്കോളർഷിപ്പിന് അപേക്ഷിച്ച മുഴുവൻ പ്ലസ് വൺ വിദ്യാർത്ഥികളേയും ചേർത്താണ്. മൊത്തം അപേക്ഷകരേയും **WGPA** യുടെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്താണ് സ്കോളർഷിപ്പ് നൽകേണ്ടത്. ഇപ്രകാരം ജനറൽ കാറ്റഗറിയിൽ സ്കോളർഷിന് അർഹതയുള്ളവരായി എസ് സി/ എസ് ടി വിഭാഗക്കാരോ, ആർട്സ്/ സ്പോർട്സ്/ ഭിന്നശേഷി വിഭാഗക്കാരോ ആണ് വരുന്നതെങ്കിൽ പോലും ആയവർക്ക് ജനറൽ കാറ്റഗറിയിൽ സ്കോളർഷിപ്പ് അനുവദിക്കേണ്ടതാണ്. ശേഷം വരുന്ന ലിസ്റ്റിലെ എസ് സി/ എസ് ടി വിഭാഗക്കാരുടെ പട്ടിക വേണം ജില്ലാ പഞ്ചായത്തുകളിലേക്ക് അയക്കേണ്ടത്.

- തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്നതിനുള്ള തുക അലോട്ട്മെന്റ് ആയാണ് അനുവദിക്കുന്നത്. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ dhse പോർട്ടലിൽ മാത്രമേ നൽകുകയുള്ളൂ. നേരിട്ട് അയക്കുന്നതല്ല.

| വിഭാഗം | വിതരണ രീതി | ഉത്തരവ് | വിനിയോഗ വിശദാംശങ്ങൾ |
|---|---|---|---|
| ജനറൽ | പ്രിൻസിപ്പലിന് അലോട്ട്മെന്റ് ആയി അനുവദിക്കുന്ന തുക തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി നൽകണം. | സ്കൂളിന് അനുവദിച്ച സ്കോളർഷിപ്പുകളുടെ എണ്ണം, തുക എന്നിവ സംബന്ധിച്ച ജില്ല തിരിച്ച ഉത്തരവ് dhse പോർട്ടലിൽ പ്രസിദ്ധീകരിക്കും. | ഓൺലൈൻ ആയി ശേഖരിക്കുന്നതാണ്. ഹാർഡ് കോപ്പി അയക്കേണ്ടതില്ല. |
| എസ്സി/ എസ് ടി | ജില്ലാ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത് നൽകുന്നവർക്കുള്ള തുക അതത് പ്രിൻസിപ്പൽമാർക്ക് അലോട്ട്മെന്റ് ആയി അനുവദിക്കും. ആയത് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി നൽകണം. | ജില്ലാ പഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത് നൽകുന്നവർക്ക് സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ടുള്ള ജില്ല തിരിച്ചുള്ള ഉത്തരവ് dhse പോർട്ടലിൽ പ്രസിദ്ധീകരിക്കും. | പ്രത്യേക ഫോർമാറ്റിൽ അതത് ആർ ഡി ഡികളിലേക്ക് അറിയിപ്പ് നൽകുന്ന മുറയ്ക്ക് അയച്ചു നൽകണം |
| ആർട്സ്/ സ്പോർട്സ്/ ഭിന്നശേഷി | ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും തെരഞ്ഞെടുത്ത് നൽകുന്നവർക്കുള്ള തുക അതത് പ്രിൻസിപ്പൽമാർക്ക് അലോട്ട്മെന്റ് | ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും തെരഞ്ഞെടുത്ത് നൽകുന്നവർക്ക് സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് dhse | പ്രത്യേക ഫോർമാറ്റിൽ അറിയിപ്പ് നൽകുന്ന മുറയ്ക്ക് ലഭ്യമാക്കണം. |

| | | | |
|---|---|---|---|
| | ആയി അനുവദിക്കും. ആയത് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ആയി നൽകണം. | പോർട്ടലിൽ പ്രസിദ്ധീകരിക്കും. | |

- ഒരേ ശീർഷകത്തിൽ (2202-02-107-94-12-P) നിന്നുമാണ് മൂന്ന് വിഭാഗക്കാർക്കുമുള്ള തുകയും അനുവദിക്കുന്നത് എന്നതിനാൽ തന്നെ തുക തെറ്റായ രീതിയിൽ വിനിയോഗിക്കപ്പെടാതിരിക്കുന്നതിന് പ്രിൻസിപ്പൽമാർ അതീവ ജാഗ്രത പുലർത്തേണ്ടതാകുന്നു.

- അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതികൾ (വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയ പ്രകാരം)

| വിഭാഗം | അപേക്ഷ സമർപ്പിക്കേണ്ടത് | അവസാന തീയതി |
|---|---|---|
| എസ്‌സി/ എസ് ടി | ജില്ലാ പഞ്ചായത്തുകൾ | **14-01-2019** |
| ആർട്സ്/ സ്പോർട്സ്/ ഭിന്നശേഷി | ഹയർ സെക്കന്ററി ഡയറക്ടറേറ്റ് | **21-01-2019** |

**ഒപ്പ്/-**

**ഡെപ്യൂട്ടി ഡയറക്ടർ**
**(അക്കാഡമിക്)**